## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2556** **21/06/2012 ൽ മറുപടിക്ക്**

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതി യാണോ; ഈ പദ്ധതിക്ക് കേന്ദ്രസർക്കാർ മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ; | എ) അതെ. ഉണ്ട് |
| ബി) കേന്ദ്രമാനദണ്ഡം അനുസരിച്ച് ഏതുക്ലാസ്സ് മുതൽ ഏതുക്ലാസ്സ് വരെയുള്ള കുട്ടികളെ ഉച്ചഭക്ഷ ണപദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്; | ബി) ഒന്നു മുതൽ എട്ട് വരെ ക്ലാസ്സുകളിലെ കുട്ടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് |
| സി) ഇപ്പോൾ പത്താം ക്ലാസ്സുവരെ യുള്ള കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരി ക്കുന്നത് കേന്ദ്രമാനദണ്ഡം അനുസരിച്ചാണോ, അല്ലെങ്കിൽ പത്താം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണം അനുവദിച്ചത് സംസ്ഥാന സർക്കാർ നയത്തിന്റെ ഭാഗ മാണോ; | സി) എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികളെ മാത്രമേ ഇപ്പോൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ പ്ലാന്റേഷൻ മേഖലയിൽവരുന്ന ഒന്നു മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നയത്തിന്റെ ഭാഗമായി 10-ാം ക്ലാസുവരെയുള്ള കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾ പ്പെടുത്തുന്ന കാര്യം പരിഗണിച്ചു വരികയാണ്. |
| ഡി) കേന്ദ്രസർക്കാർ പുറപ്പെടുവിച്ചി ട്ടുള്ള മാനദണ്ഡത്തിൽ സ്റ്റേറ്റ് നോംസ് പറയുന്നുണ്ടോ; എങ്കിൽ ആ സ്റ്റേറ്റ് നോംസിന്റെ അടിസ്ഥാനത്തിൽ പാചക ത്തൊഴിലാളികളുടെ പ്രശ്ന ത്തിൽ അവകാശങ്ങൾ നിരാക രിക്കുന്നത് എന്തടിസ്ഥാനത്തി ലാണ്; | ഡി) കേന്ദ്ര പദ്ധതിപ്രകാരം 25 കുട്ടി കൾവരെ ഒരു പാചക തൊഴിലാളിയും 26 മുതൽ 100 കുട്ടികൾ വരെ രണ്ട് പാചക തൊഴിലാളിയും പിന്നീടുള്ള ഓരോ 100 കുട്ടികൾക്ക് ഒരു പാചകതൊഴിലാളി എന്ന വ്യവസ്ഥ ചെയ്തിരിക്കുന്നു. കൂടാതെ ഒരു പാചക തൊഴിലാളിക്ക് കേന്ദ്രവിഹി തമായി ഒരുമാസം 750/- രൂപ തോതിലും സംസ്ഥാന വിഹിത |

(......2)

മായി 250/- രൂപ തോതിലും മാസം 1000/- രൂപ (കൺസോളിഡേറ്റഡ്) ആയി വേതനം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ സാഹചര്യത്തിൽ 1,000 രൂപ വേതനത്തിനു പാചക തൊഴിലാളികളെ കിട്ടാൻ പ്രയാസമായതിനാൽ സംസ്ഥാനത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ വേതനം 150/- രൂപയും പരമാവധി 200/- രൂപയായും നൽകി വരുന്നു. സംസ്ഥാന സർക്കാർ 500 കുട്ടികൾവരെ ഒരു പാചക തൊഴിലാളിയും അതിൽ കൂടുതൽ കുട്ടികളുള്ള സ്കൂളിൽ രണ്ട് പാചകതൊഴിലാളികളെയുമാണ് അനുവദിച്ചിട്ടുള്ളത്.

ഇ) ഹൈക്കോടതിയിൽ പാചകത്തൊഴിലാളികളുടെ പ്രശ്നത്തിൽ പരിഹാരത്തിനായി ആരെല്ലാം കേസ് കൊടുത്തിട്ടുണ്ടായിരുന്നു; ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ മുൻസർക്കാർ എന്തുനിലപാട് സ്വീകരിച്ചു; മുൻസർക്കാർ കേന്ദ്ര മാനദണ്ഡത്തിന്റെ പേരിൽ എന്തെല്ലാം അവകാശങ്ങൾ നിരാകരിച്ചു; അവ വീണ്ടും പുന:പരിശോധിച്ച് നടപ്പിലാക്കാൻ സർക്കാർ ശ്രമിക്കുമോ?

ഇ) സ്കൂൾ പാചകതൊഴിലാളി സംഘടന ബഹു. ഹൈക്കോടതി മുമ്പാകെ ഡബ്ല്യൂ.പി (സി) നം.17024/2006 പ്രകാരം ഫയൽ ചെയ്തതായിട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. ഹൈക്കോടതി വിധിപ്രകാരം പാചകതൊഴിലാളികൾക്ക് കൂലി കൃത്യമായി നൽകുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ജില്ലകളിലെ നൂൺമീൽ സൂപ്പർവൈസർ, ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തി ഉത്തരവായി. കൂടാതെ 2011 ൽ പാചക തൊഴിലാളികളുടെ മിനിമം വേതനം പ്രതിദിനം 150/- രൂപയായും പരമാവധി വേതനം 200/- രൂപയായും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ